## വിവരദായകരുടെ സഹകരണം അഭ്യർത്ഥിക്കുന്നു

സർവേയുടെ വിവരങ്ങൾ സർക്കാരിന്റെ നയരൂപീകരണത്തിന് ഉപയോഗിക്കുന്നതിനാൽ ശരിയായ വിവരങ്ങൾ നൽകുന്നതിനുള്ള പൊതുജനങ്ങളുടെ സഹകരണമാണ് ഈ സർവേയുടെ വിജയത്തിന് സഹായകമാകുന്നത്. പൊതുജനങ്ങളുടെ പൂർണമായ സഹകരണവും സഹായവും ഉണ്ടെങ്കിൽ മാത്രമേ ആവശ്യവും പ്രസക്തവും വിശ്വസനീയവുമായുള്ള വിവരങ്ങൾ ശേഖരിക്കാൻ കഴിയുകയുള്ളു. വകുപ്പുകളിലെ ഉദ്യോഗസ്ഥർ നിങ്ങളെ സമീപിക്കുമ്പോൾ ശരിയായതും പൂർണമായതുമായ വിവരങ്ങൾ നൽകി സർവേ വിജയകരമായി പൂർത്തീകരിക്കുന്നതിന് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.



കൂടുതൽ വിവരങ്ങൾക്ക്
താഴെ പറയുന്ന വിലാസങ്ങളിൽ
ബന്ധപ്പെടുക:


ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
വികാസ് ഭവൻ, തിരുവനന്തപുരം
ഫോൺ: 0471-2304480

ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്
വികാസ് ഭവൻ, തിരുവനന്തപുരം
ഫോൺ: 0471-2305318

E-mail: krishidirector@gmail.com ecostatdir@gmail.com
Website: https://keralaagriculture.gov.in
www.ecostat.kerala.gov.in




കേരള സർക്കാർ

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്**
**&**
**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്**

# കേരളത്തിലെ കാർഷിക കുടുംബങ്ങളുടെ സാഹചര്യം വിലയിരുത്തുന്നതിനുള്ള സർവേ: 2024-25

(Situation Assessment Survey on Agricultural Households in Kerala: 2024-25)

2024





സംസ്ഥാന സർക്കാർ 2021-ൽ അധികാരത്തിൽ വരുമ്പോഴുള്ള പ്രഖ്യാപിത ലക്ഷ്യങ്ങളിൽ 'കേരളത്തിലെ കൃഷിക്കാരുടെ വരുമാനത്തിൽ 50 ശതമാനം വർദ്ധനവ് അഞ്ചു വർഷം കൊണ്ട് സൃഷ്ടിക്കും' എന്നത് ഉൾപ്പെട്ടിരുന്നു. കാർഷികോത്പാദനക്ഷമത വർദ്ധിപ്പിക്കൽ, ഉത്പന്നങ്ങളുടെ വില, മൂല്യ വർദ്ധന പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റ് അനുബന്ധ വരുമാനം എന്നീ ഘടകങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് കർഷകരുടെ ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങൾ കൃഷി വകുപ്പ് നടപ്പാക്കി വരുന്നു. സംസ്ഥാനത്ത് നടപ്പാക്കി വരുന്ന നയപരിപാടികളുടെയും പദ്ധതി പ്രവർത്തനങ്ങളുടെയും ഗുണഫലമായി ഈ ലക്ഷ്യം സമയബന്ധിതമായി കൈവരിക്കുന്നുണ്ടോയെന്ന് ശാസ്ത്രീയമായി നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുന്നതിലേക്കായി ഈ സർവേയിലൂടെ വിവരങ്ങൾ ശേഖരിക്കുന്നു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പും സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പും സംയുക്തമായാണ് ഈ സർവേ നടത്തുന്നത്.

## സർവേ

2024 നവംബർ-ഡിസംബർ മാസങ്ങളിലായാണ് ഈ സർവേ നടത്തുന്നത്.

ഒന്നിലധികം ഉപജീവനമാർഗങ്ങൾ തേടുന്ന ചെറുകിട - ഇടത്തരം കർഷകരാണ് കേരളത്തിലുള്ളത്. അവരുടെ പരിതഃസ്ഥിതി/സാഹചര്യം വിലയിരുത്തുന്നതിനായി ദേശീയ സാമ്പിൾ സർവേയുടെ ഭാഗമായി 2018-19 ൽ 'Situation Assessment Survey' നടത്തിയിട്ടുണ്ട്. ഇതേ മാതൃകയിലാണ് കൃഷി വകുപ്പും സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പും സംയുക്തമായി 2023-24 അടിസ്ഥാനമാക്കി ഈ സർവേ നടത്തുന്നത്. കേരളത്തിലെ ഗ്രാമീണ മേഖലയിൽ നിന്നും തിരഞ്ഞെടുത്ത 152 സാമ്പിൾ വാർഡുകളിൽ രണ്ടു ഘട്ടങ്ങളിലായാണ് ഈ സർവേ നടത്തുന്നത്. കേരളത്തിലെ കർഷകരുടെ പരിതഃസ്ഥിതി/ സാഹചര്യം/ വരുമാനം എത്രമാത്രം മെച്ചപ്പെട്ടിട്ടുണ്ടെന്ന് കണക്കാക്കുകയാണ് ഈ പഠനത്തിലൂടെ ലക്ഷ്യമിടുന്നത്. സർക്കാരിന്റെ വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു കൊണ്ടുള്ള നയരൂപീകരണത്തിനും ലക്ഷ്യപ്രാപ്തി കൈവരിക്കലിനും ഈ സർവേ സഹായകമാകും.





## വിവര ശേഖരണം

സർവേയ്ക്കു വേണ്ടി പ്രത്യേകം തയ്യാറാക്കിയ ഫോറങ്ങളിലൂടെ വിവരശേഖരണം നടത്തുന്നത് സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിലെയും കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെയും ഉദ്യോഗസ്ഥരാണ്. 2019 ൽ നടന്ന ദേശിയ സാമ്പിൾ സർവേയുടെ രീതിശാസ്ത്രമാണ് ഈ സർവേയിലും ഉപയോഗിക്കുന്നത്. പൂർണമായും ശാസ്ത്രീയ മാർഗങ്ങളുപയോഗിച്ച് തിരഞ്ഞെടുത്ത കർഷക കുടുംബങ്ങളിൽ നിന്നുമാണ് വിവരങ്ങൾ ശേഖരിക്കുന്നത്.

ഏതെങ്കിലും വ്യക്തിയിൽ നിന്നോ കുടുംബത്തിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ഇത്തരം സർവേകളിലൂടെ ശേഖരിക്കുന്ന വ്യക്തിഗത വിവരങ്ങൾ പൂർണമായും രഹസ്യമായി സൂക്ഷിക്കുന്നതാണ്.
ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ എന്നിവ ഈ സർവേയിൽ ശേഖരിക്കുന്നില്ല.